## പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3558 — 12/12/2014-ൽ മറുപടിക്ക്

### ആദിവാസി, തീരദേശ മേഖലകളിൽ കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എൻ.എ. ഖാദർ. | | ഡോ.എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ) | |
| (എ) | സംസ്ഥാനത്ത് ആദിവാസി മേഖലയിലും, തീരദേശ മേഖലയിലും കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ആദിവാസി മേഖലയിലും തീരദേശമേഖലയിലും കുടുംബശ്രീ മിഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) | ബാധകമല്ല. |
| (സി) | ആദിവാസി മേഖലയിലും, തീരദേശ മേഖലയിലും സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; | (സി) | ആദിവാസി മേഖലയിലും തീരദേശമേഖലയിലും കുടുംബശ്രീയുടെ മുഴുവൻ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നുണ്ട്. കുടുംബശ്രീകളിൽ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് താഴെ കൊടുത്തിരിക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്.<br><br>1. അയൽക്കൂട്ടങ്ങൾക്ക് കണക്കെഴുത്ത് പരിശീലനം.<br>2. അയൽക്കൂട്ടങ്ങൾക്ക് സാമ്പത്തിക സാക്ഷരതാ പരിശീലനം.<br>3. അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം കോർപ്പസ് ഫണ്ട് ലഭ്യമാക്കൽ.<br>4. തിരദേശത്തുള്ള എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തി അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി സമ്പൂർണ്ണ അയൽക്കൂട്ട പ്രവേശനം രണ്ടാം ഘട്ട ക്യാമ്പയിൻ.<br>5. അയൽക്കൂട്ടങ്ങളുടെ ഗ്രേഡിംഗ്, ലിങ്കേജ്, മാച്ചിംഗ് ഗ്രാന്റ് ക്യാമ്പയിൻ.<br>6. സിഡിഎസുകൾക്കുള്ള കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട് നൽകുന്നതിനുള്ള നടപടികൾ. |

സാമൂഹിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് താഴെകൊടുത്തിരിക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

1. അയൽക്കൂട്ടങ്ങളുടെ ഒത്തുചേരൽ, 5 വർഷം പൂർത്തീകരിച്ച അയൽക്കൂട്ടങ്ങളുടെ സംഗമം.

2. ഊരുകൾ കേന്ദ്രീകരിച്ച് അയൽക്കൂട്ടങ്ങൾ ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ.

3. പഞ്ചായത്തുതലത്തിൽ ആനിമേറ്റർമാരുടെയും കമ്മ്യൂണിറ്റി വോളന്റിയേഴ്സിന്റെയും സേവനം ഉറപ്പുവരുത്തൽ.

4. വിവിധ വകുപ്പുകളുടെ സംയോജന പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടപ്പിലാക്കൽ.

5. ഊരുകൾ കേന്ദ്രീകരിച്ചുള്ള പങ്കാളിത്ത സൂക്ഷ്മതല ആസൂത്രണ പരിപാടി.

6. ഈ മേഖലകളിലെ ബാലസഭാ പ്രവർത്തനം ഊർജിതമാക്കാനുള്ള പരിപാടികൾ.

7. സംഘകൃഷി പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ.

8. ഇത്തരം മേഖലകളിൽ നിന്നുള്ള സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത മേഖലകളിലെ കുടുംബശ്രീ മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇതിന്റെ തുടർപ്രവർത്തനങ്ങൾക്കായി പുതിയ പദ്ധതികളും പരിപാടികളും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ